പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കഴിഞ്ഞ രണ്ടര വർഷക്കാലമായി അങ്ങ് ചെയറിലും ഞങ്ങൾ ഇവിടെയുമുണ്ട്. ഇന്ന് വളരെ അസാധാരണമായ ഒരു സംഭവമാണുണ്ടായത്. ശ്രീ. കെ. എം. ഷാജി തിരിച്ചുവന്ന സന്ദർഭത്തിൽ അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ട് ഞങ്ങളെല്ലാവരും കയ്യടിച്ചു. .....(ബഹളം)....

മി. സ്പീക്കർ: ഇതാണ് നിങ്ങളുടെ പ്രശ്നം. പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ ബഹളം വയ്ക്കുകയാണ്. പ്ലീസ്.....പ്ലീസ്.....

ശ്രീ. രമേശ് ചെന്നിത്തല: സർ, അതുകഴിഞ്ഞ് ബഹുമാനപ്പെട്ട ചെയറിന്റെ ശ്രദ്ധ പിടിച്ചുപറ്റാനാണ് ഞാൻ ശ്രമിച്ചത്. എനിക്ക് പറയാനുള്ള കാര്യം പറയാനായി ഞാൻ എഴുന്നേറ്റുനിന്ന് കയ്യുയർത്തി. എനിക്ക് പറയാനുണ്ടായിരുന്നത്, Hon'ble Speaker may suspend the question hour and give us an opportunity to raise the very important issue. റൂൾ 50 അനുസരിച്ച് ഞങ്ങൾക്ക് സഭയിൽ സംസാരിക്കാനുള്ള അവസരം നൽകണമെന്ന് പറയാൻ ഞാൻ എഴുന്നേറ്റപ്പോൾത്തന്നെ അങ്ങ് ബഹുമനപ്പെട്ട മുഖ്യമന്ത്രിയെ വിളിച്ചു. രണ്ടാമത്തെ കാര്യം, ബഹുമാനപ്പെട്ട സ്പീക്കറോടുള്ള

എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ട് ഞാൻ പറയുകയാണ്, ചോദ്യോത്തരവേള ഒരു മണിക്കൂറാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാല്പത്തിയഞ്ച് മിനിട്ട് മറുപടി പറഞ്ഞു.

മി. സ്പീക്കർ: ഇക്കാര്യം അങ്ങ് നേരത്തെ പറഞ്ഞു കഴിഞ്ഞതാണ്. .....(ബഹളം)....

ശ്രീ. രമേശ് ചെന്നിത്തല: സർ, സാധാരണഗതിയിൽ മറ്റ് മന്ത്രിമാരുടെ മറുപടി നീണ്ടുപോയാൽ അത് മേശപ്പുറത്തുവയ്ക്കാൻ അങ്ങ് പറയും. ഇന്നിവിടെ മേശപ്പുറത്തുവയ്ക്കാൻ അങ്ങ് പറഞ്ഞില്ല. അതാണ് പ്രതിപക്ഷാംഗങ്ങൾക്ക് പ്രകോപനമുണ്ടായത്. അല്ലാതെ ചെയറിനോടുള്ള അനാദരവല്ല. അങ്ങ് അങ്ങനെ കരുതേണ്ട കാര്യമില്ല. ചെയറിനോട് ഞങ്ങൾക്ക് ബഹുമാനം മാത്രമേയുള്ളൂ. പക്ഷേ, മറ്റ് മന്ത്രിമാർക്ക് കൊടുത്ത അവകാശം ഇന്നിവിടെ ചെയർ പാലിക്കപ്പെട്ടിട്ടില്ല എന്നുള്ളതിനാലാണ് പ്രതിപക്ഷത്തിന് കൂടുതൽ പ്രകോപനമുണ്ടായതെന്നുള്ള കാര്യം അങ്ങ് ഓർക്കണം. അങ്ങയോടുള്ള എല്ലാ ബഹുമാനവും നിലനിർത്തികൊണ്ടാണ് ഞാനിത് പറയുന്നത്.